# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3778 19.02.2013-ൽ മറുപടി**

**സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. ബേബി<br>ശ്രീ. എം. ഹംസ<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. കെ. കെ. നാരായണൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമത്തിന്റെ ദുരുപയോഗം സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കേരളാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ഒരു കരുതൽ തടങ്കൽ നിയമമായതിനാൽ ഏതെങ്കിലും തരത്തിലുള്ള അധികാര ദുർവിനിയോഗമോ നിയമത്തിന്റെ ദുരുപയോഗമോ തടയുന്നതിന് നിയമത്തിൽത്തന്നെ വ്യവസ്ഥകൾ ഉണ്ട്. മാത്രമല്ല ഒരാളെ കരുതൽ തടങ്കലിൽ വയ്ക്കുന്നത് സംബന്ധിച്ച് ഭരണഘടനയിലും കൃത്യമായ രക്ഷാവ്യവസ്ഥകൾ ഉണ്ട്. ഈ നിയമത്തിൻ കീഴിൽ ജില്ലാ മജിസ്ട്രേട്ട് പുറപ്പെടുവിക്കുന്ന തടങ്കൽ ഉത്തരവ് 12 ദിവസത്തിനകം സർക്കാർ അംഗീകരിക്കേണ്ടതുണ്ട്. അതിനുശേഷം കരുതൽ തടങ്കൽ ഉത്തരവിന്റെ സാധുത പരിശോധിക്കുന്നതിന്, കേസ്, റിട്ട. ഹൈക്കോടതി ജഡ്ജി ചെയർമാനായുള്ള ഉപദേശക ബോർഡിന് സർക്കാർ റഫർ ചെയ്യേണ്ടതുണ്ട്. ഭരണഘടനയിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള ഉപദേശക ബോർഡിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നത് എന്നതിനാൽ നിയമത്തിന്റെ ദുരുപയോഗം ഉണ്ടാകുന്നില്ല. |
| ബി) ജനകീയ സമരങ്ങളിൽ പങ്കെടുക്കുന്നവർക്കെതിരെ ഈ നിയമം വഴി കേസെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>സി) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട ക്രിമിനലുകൾ നാട്ടിലെങ്ങും വിഹരിക്കുമ്പോൾ, അവരെ തടയുന്നതിന് തയ്യാറാകാതെ ജനകീയ സമരങ്ങളിൽ ഏർപ്പെട്ടവർക്കെതിരെ കേസെടുക്കുന്നതായി പറയപ്പെടുന്ന പോലീസ് നടപടികൾ സർക്കാരിന്റെ അറിവോടു കൂടിയാണോ ; എങ്കിൽ വ്യക്തമാക്കുമോ ? | (ബി) & (സി) ജനകീയ സമരത്തിൽ പങ്കെടുക്കുന്നതുകൊണ്ടു മാത്രം ഒരാൾക്കെതിരെ ഈ നിയമത്തിൻ കീഴിൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയില്ല. അറിയപ്പെടുന്ന റൗഡി അല്ലെങ്കിൽ അറിയപ്പെടുന്ന ഗുണ്ട എന്ന നിലയിൽ ആർക്കൊക്കെയെതിരേ, ഏതെല്ലാം സാഹചര്യത്തിൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കാമെന്നത് സംബന്ധിച്ച് നിയമത്തിൽ വ്യക്തമായ വ്യവസ്ഥകളുണ്ട്. ഇത്തരത്തിൽ നിയമാനുസരണം പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് മാത്രമാണ് സർക്കാർ അംഗീകാരം നൽകുന്നത്. കരുതൽ തടങ്കലിന് മതിയായകാരണമുണ്ടോ എന്ന കാര്യം റിട്ട. ഹൈക്കോടതി ജഡ്ജി ചെയർമാനായുള്ള |

കേരളാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം ഉപദേശക ബോർഡ് നിയമപരമായി പരിശോധിക്കുന്നുണ്ട്. കരുതൽ തടങ്കൽ സംബന്ധിച്ച് ഭരണഘടനയിലും ബന്ധപ്പെട്ട നിയമത്തിലും ഉള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്.

സെക്ഷൻ ഓഫീസർ